(ബി) ടൂറിസം മേഖലയുടെ വിശാലമായ സാമ്പത്തിക സാമൂഹിക ശൃംഖല ശക്തമാക്കുന്നതിന് സംസ്ഥാനത്ത് ടൂറിസം ബോർഡ് രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ) :

(എ) ടൂറിസം മേഖലയിലൂടെ നേരിട്ടും അല്ലാതെയും സൃഷ്ടിക്കപ്പെടുന്ന അനുബന്ധ തൊഴിൽ മേഖലയുടെ വ്യാപ്തി വളരെ വലുതാണ്. ഇക്കാര്യം പ്രത്യേകമായി വിലയിരുത്തിയിട്ടില്ല.

(ബി) പരിശോധിക്കുന്നതാണ്.

ഫാക്ടറീസ് ആന്റ് ബോയിലേഴ്സിന്റെ പ്രവർത്തനം

20 (*380) ശ്രീ. എം. ഹംസ :
ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഫാക്ടറീസ് ആന്റ് ബോയിലേഴ്സിന്റെ പ്രവർത്തനം നിർജ്ജീവമാണെന്ന ആക്ഷേപം പരിശോധിച്ചിരുന്നോ;

(ബി) കഞ്ചിക്കോട് വ്യവസായ മേഖലയിലെ ഫാക്ടറികൾ സന്ദർശിച്ച തൊഴിൽ മന്ത്രിയുടെ നേതൃത്വത്തിലുള്ള പരിശോധനയിൽ കണ്ട കാര്യങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ;

(സി) ഇതിനെത്തുടർന്ന് തൊഴിൽ നിയമലംഘനം തടയുന്നതിൽ പരാജയപ്പെട്ടതിന്റെ പേരിൽ ആർക്കെല്ലാം എതിരെ നടപടി സ്വീകരിച്ചു എന്ന് അറിയിക്കുമോ;

(ഡി) തൊഴിൽ നിയമ ഭേദഗതി ഇത്തരം പ്രശ്നം കൂടുതൽ വഷളാക്കുമോ; എങ്കിൽ നിയമഭേദഗതികൾ തിരുത്താൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്താൻ തയ്യാറാകുമോ?

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) :

(എ) പരിശോധിച്ചിട്ടുണ്ട്.

(ബി) തൊഴിൽ മന്ത്രിയുടെ നേതൃത്വത്തിലുള്ള നിയമസഭാ സമിതി 27-11-2014-ന് കഞ്ചിക്കോട് മേഖലയിലെ പാരഗൺ സ്റ്റീൽസ് ഫാക്ടറി പരിശോധിച്ചിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പരിശോധനാസമയത്ത് മുഖ്യമായും തൊഴിലാളികൾക്ക് സുരക്ഷാ ഉപകരണങ്ങൾ നൽകിയിരുന്നില്ലായെന്നും സുരക്ഷാ ക്രമീകരണങ്ങൾ തൃപ്തികരമല്ലായെന്നും കണ്ടെത്തിയിട്ടുണ്ട്.

(സി) ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്ന് ബോധപൂർവ്വമായ വീഴ്ച വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) തൊഴിൽ നിയമലംഘനം സംബന്ധിച്ച സംസ്ഥാന സർക്കാരിന്റെ നിലപാടുകൾ കേന്ദ്രത്തെ അറിയിക്കുന്നതാണ്.

ജലാശയ വിനോദസഞ്ചാര കേന്ദ്രങ്ങളിലെ അണക്കെട്ട

21 (*381) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ വിനോദസഞ്ചാരികളുടെ പ്രധാന ആകർഷണ കേന്ദ്രങ്ങളായ ഉൾനാടൻ ജലാശയങ്ങളിൽ കോളിഫോം ബാക്ടീരിയയുടെ അളവ് വളരെ ഉയർന്ന തോതിലാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വിനോദസഞ്ചാര മേഖലയെ പ്രതികൂലമായി ബാധിക്കുന്ന ഈ പ്രശ്നത്തിൽ വിനോദസഞ്ചാര വകുപ്പ് എന്തൊക്കെ പരിഹാര നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) ഫലപ്രദമായ കൂടുതൽ നടപടികൾ ഉദ്ദേശിക്കുന്നുണ്ടോ?

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ.പി. അനിൽ കുമാർ) :

(എ) ഉണ്ട്.

(ബി) വേമ്പനാട്ടുകായലിനെ മാലിന്യ മുക്തമാക്കുക എന്ന ലക്ഷ്യത്തോടെ ഹൗസ് ബോട്ടുകളിൽനിന്നും മാലിന്യം ശേഖരിച്ച് ശുദ്ധീകരിക്കുന്നതിനുള്ള മാലിന്യ സംസ്കരണ പ്ലാന്റുകൾ കുമരകത്തും ആലപ്പുഴയിലെ എച്ച് ബ്ലോക്ക് കായലിലും സ്ഥാപിച്ചിട്ടുണ്ട്.

(സി) ഉൾനാടൻ ജലാശയങ്ങളെ പൂർണ്ണമായും മാലിന്യമുക്തമാക്കുന്നത് പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട വിഷയമായതിനാൽ ആരോഗ്യവകുപ്പിൽനിന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ലഭിക്കുന്ന പ്രൊപ്പോസലുകൾ പരിശോധിച്ച് തുടർനടപടി കൈക്കൊള്ളുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly